**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം -ഡോ.റാണിമോൾ വി വി , ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹുഃകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 882/2025-ന്മേലുള്ള 30.06.2025 തീയതിയായ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

I/6769025/2025 തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1. ഡോ.റാണിമോൾ.വി.വി. 28.05.2025 തീയതി ആയി ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച അപ്പീൽ (Annexure A5)
2. ബഹുഃകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 882/2025-ന്മേലുള്ള 30.05.2025 തീയതിയായ ഉത്തരവ്.
3. 09.06.2025 തീയതിയായി ഡോ.റാണിമോൾ സമർപ്പിച്ച അപേക്ഷ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.06.2025-ലെ DHS/14235/2025-EB3നമ്പർ കത്ത്.

**ഉത്തരവ്**

2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും തൃശ്ശൂർ ചേലക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ റാണിമോൾ വി വി ബഹുഃകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 882/2025 ഫയൽ ചെയ്യുകയും പരാമർശം (1) അപ്പീൽ അപേക്ഷ (Annexure A5) ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുകയും ചെയ്തു.

2) ആരോഗ്യ വകുപ്പ് സെക്രട്ടറി (1-ാം എതിർകക്ഷി) പരാമർശം (1) അപ്പീൽ അപേക്ഷ പരിശോധിച്ച് ഉത്തരവ് കൈപ്പറ്റിയതു മുതൽ ഒരു മാസത്തിനുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ബഹുഃട്രൈബ്യൂണൽ പരാമർശം (2) ഉത്തരവ് പ്രകാരം നിർദ്ദേശം

നൽകിയിരുന്നു. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതു വരേയ്ക്ക് ഡോ.റാണിമോൾക്ക് നിലവിലെ സ്റ്റേഷനായ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ തുടരാവുന്നതാണെന്നും, ബഹു:ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്.

3) പരാമർശം (3) പ്രകാരം ഡോ.റാണിമോൾ സമർപ്പിച്ച മറ്റൊരു അപേക്ഷയിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപായി ടിയാളെ നേരിൽ കേൾക്കണമെന്നും, അതുവഴി ടിയാളുടെ വിഷയങ്ങൾ നേരിട്ട് സർക്കാരിനെ ബോധ്യപ്പെടുത്തുവാൻ സാധിക്കുമെന്നും പറഞ്ഞിരുന്നു. ഡോ.റാണിമോളുടെ അപേക്ഷ പരിഗണിച്ച് ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 30.06.2025-ന് അപേക്ഷകയെ നേരിൽ കേട്ടിരുന്നു. Annexure A5 അപ്പീൽ അപേക്ഷയിലും, നേരിൽ കേട്ടവേളയിലും ഡോ.റാണിമോൾ പറഞ്ഞ/അഭ്യർത്ഥിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

1) നിലവിൽ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റായി (ഗൈനക്കോളജി) ജോലി ചെയ്തു വരുന്നു.

2) 2017-ൽ അസിസ്റ്റന്റ് സർജനായി നിയമനം ലഭിച്ച് ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പി.എച്ച്.സി.-യിൽ ജോലിയിൽ പ്രവേശിച്ചു. 2018-ൽ ജൂനിയർ കൺസൾട്ടന്റായി (ഗൈനക്കോളജി) സ്ഥാനമാറ്റം ലഭിച്ച് പാലക്കാട് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. അവിടെവച്ച് പ്രസവാവധിയിൽ പ്രവേശിച്ചു. അവധിക്ക് ശേഷം 2019-ൽ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിക്കുകയും അതേ വർഷം തന്നെ മാവേലിക്കര ജില്ലാ ആശുപത്രിയിലേയ്ക്കും സ്ഥലംമാറ്റിയിരുന്നു.

3) പട്ടികജാതി പരിഗണനയിൽ 31.05.2023-ൽ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം ലഭിച്ചു.

4) കായംകുളത്ത് 3 വർഷ സേവന കാലം പൂർത്തിയായിട്ടില്ലാത്തതിനാൽ 2025-ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ കരട് സ്ഥലംമാറ്റ പട്ടികയിൽ ടിയാളെ തൃശ്ശൂർ ജില്ലയിലെ ചേലക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുന്നതിന് ഉൾപ്പെടുത്തി. എന്നാൽ കരട് സ്ഥലംമാറ്റ പട്ടികക്കെതിരായി അപ്പീൽ ഫയൽ ചെയ്തുവെങ്കിലും ആയത് പരിഗണിക്കപ്പെട്ടില്ല.

5) പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യതയുള്ള പക്ഷം ടിയാൾ ഹോം സ്റ്റേഷനായ കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുമായിരുന്നു.

6) ഭർത്താവ് ആലപ്പുഴ ജില്ലയിൽ ഡെപ്യൂട്ടി കളക്ടറായി ജോലി നോക്കുന്നു. വിചാരിച്ചിരിക്കാതെയുള്ള

സ്ഥലംമാറ്റം കുട്ടികളുടെ പഠനത്തെ ബാധിക്കും.

7)മുൻപ് ജോലി നോക്കിയിരുന്ന മാവേലിക്കര ജില്ലാ ആശുപത്രിയും, നിലവിലെ സ്റ്റേഷനായ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയും തമ്മിൽ 15 കി.മീ. ഉള്ളിൽ ദൂരവ്യത്യാസം ഉണ്ടെന്നുകാണിച്ചാണ് ടിയാൾക്ക് സ്ഥലംമാറ്റം നൽകിയത്. എന്നാൽ കെ.എസ്.ആർ. ഭാഗം ii ചട്ടം 61, 62 എന്നിവ പ്രകാരം പരിശോധിച്ചാൽ മാവേലിക്കര ജില്ലാ ആശുപത്രിയും, കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയും തമ്മിൽ 15 കി.മീറ്ററിൽ അധികം വ്യത്യാസം ഉണ്ട്.

8) മിശ്രവിവാഹിത ആണ്.

9)പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഏറ്റവും ജൂനിയർ ആയ ഉദ്യോഗസ്ഥരെ ആണ് ഏറ്റവും അകലെയുള്ള സ്റ്റേഷനിൽ നിയമിക്കേണ്ടത് എന്നതിനാൽ പൊതുസ്ഥലംമാറ്റത്തിൽ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ നിയമിച്ചിട്ടുള്ള ഡോ.ആതിര.എ. ടിയാളെക്കാൾ ജൂനിയർ ആയതിനാൽ ടി ഡോക്ടറെയാണ് ചേലക്കര നിയമിക്കേണ്ടിയിരുന്നത്.

10)സർവ്വീസിൽ ഒരു കാലത്തും ഹോം സ്റ്റേഷനായ കൊല്ലം ജില്ലയിൽ സേവനം ചെയ്യാൻ സാധിച്ചിട്ടില്ല.

11) ചങ്ങനാശ്ശേരി ആശുപത്രിയിൽ ഓപ്പൺ വേക്കൻസി ഉള്ളതായി അറിയുന്നു.

12)മേൽ വസ്തുതകൾ പരിഗണിച്ച് ചേലക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്യണമെന്നും, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയോ, നിലവിലെ സ്റ്റേഷനായ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിറുത്തുകയോ ചെയ്യണം.

4) ഡോ.റാണിമോൾ.വി.വി. 17.06.2019 മുതൽ 09.07.2019 വരെ കായംകുളം താലൂക്ക് ആശുപത്രിയിലും 10.07.2019 മുതൽ 16.06.2023 വരെ മാവേലിക്കര ജില്ലാ ആശുപത്രിയിലും ജോലി ചെയ്തിട്ടുണ്ടെന്നും, തുടർന്ന് 21.06.2023 മുതൽ കായംകുളം താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തു വരുന്നുവെന്നും, പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം 3 വർഷത്തിൽ അധികം ഒരു സ്റ്റേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയാണ് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതെന്നതിനാൽ പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം കായംകുളം താലൂക്ക് ആശുപത്രിയും മാവേലിക്കര ജില്ലാ ആശുപത്രിയും ഒരേ സ്റ്റേഷനായി കണക്കാക്കുന്നതായും, ഈ സാഹചര്യത്തിൽ അപേക്ഷക 17.06.2019 മുതൽ ഒരേ സ്റ്റേഷനിൽ ജോലി ചെയ്തു വരുന്നതിനാലും, ടിയാൾ പട്ടികജാതി വിഭാഗക്കാർക്കുള്ള സംരക്ഷണം നിലവിൽ നേടികഴിഞ്ഞതായും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. ഔട്ട് സ്റ്റേഷനിൽ 3 വർഷ കാലാവധി

പൂർത്തിയാക്കിയ അവകാശപ്പെട്ട ഉദ്യോഗസ്ഥന് സ്ഥലംമാറ്റം നൽകുന്നതിന് മൂന്നു വർഷത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയ ജീവനക്കാരനെ സ്ഥലംമാറ്റാവുന്നതാണെന്ന് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5) പേരാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായി 14.01.2020 മുതൽ ജോലിയിൽ പ്രവേശിച്ച ഡോ.രേഷ്മ.എൽ. ടി സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കുകയും, 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നതായും, ടിയാളുടെ 1-ാമത്തെ ഓപ്ഷനായ ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മൂന്നു വർഷക്കാലാവധി പൂർത്തിയാക്കിയ ഡോ.ലൈല സി. മാർക്കോസ് ഭിന്നശേഷിയായ മകളുടെ സംരക്ഷണാർത്ഥം നിലവിലെ സ്റ്റേഷനിൽ നിലനിർത്തണമെന്ന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, രണ്ടാമത്തെ ഓപ്ഷനായ ഹരിപ്പാട് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ മൂന്നു വർഷം പൂർത്തിയായ ഡോക്ടർ ഇല്ലായിരുന്നുവെന്നും, ആയതിനാൽ ഡോ.രേഷ്മ.എൽ.-നെ ടിയാളുടെ മൂന്നാമത്തെ ഓപ്ഷനായ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകുന്നതിനായി ടി ആശുപത്രി ഉൾപ്പെട്ട സ്റ്റേഷനിൽ മൂന്നു വർഷക്കാലയളവ് പൂർത്തിയാക്കിയ ഡോ.റാണിമോൾ.വി.വി.-യെ പ്രസ്തുത ആശുപത്രിയിൽ നിന്നും സ്ഥലംമാറ്റേണ്ടി വന്നതെന്നും, പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ ടിയാൾക്ക് സൗകര്യപ്രദമായ സ്റ്റേഷനിലേക്ക് അപേക്ഷിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിലും, ആലപ്പുഴ ജില്ലയിലെ ഏതെങ്കിലും സ്റ്റേഷനിലോ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലോ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ നിലവിൽ ഒഴിവില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6) കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ നിയമനം നൽകിയിട്ടുള്ള ഡോ.ആതിര അപേക്ഷകയെക്കാൾ സർവ്വീസിൽ ജൂനിയർ ആയതിനാൽ ഡോ.ആതിരയെ ചേലക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകിയിട്ട് അപേക്ഷകക്ക് കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം അനുവദിക്കണമെന്ന് അപേക്ഷക സർക്കാരിൽ നേരിൽ കേൾക്കുന്ന വേളയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ് സർജനായി ജോലി ചെയ്തിരുന്ന ഡോ.ആതിരയ്ക്ക് 2025-ൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് പ്ലേസ്മെന്റ് ലഭിക്കുന്ന വേളയിൽ പാലോട്

സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഒഴിവുണ്ടായിരുന്നതിനാൽ 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കും എന്ന വ്യവസ്ഥയിൽ ടിയാൾക്ക് പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായി നിയമനം നൽകുകയുണ്ടായിയെന്നും, 2024-ലെ പൊതുസ്ഥലംമാറ്റത്തിൽ പീരുമേട് താലൂക്ക് ആശുപത്രിയിലേയ്ക്ക് നിർബന്ധിത സ്ഥലംമാറ്റം നൽകിയിരുന്ന ഗൈനക്ക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.നിത്യാരാജിനെ 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ വീണ്ടും പരിഗണിക്കുകയും, ടിയാളുടെ അഞ്ചാമത്തെ ഓപ്ഷനായ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ഡോ.ആതിരയെ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ട് ഡോ.നിത്യ രാജിന് പാലോട് നിയമനം നൽകുകയും ചെയ്തിരുന്നുവെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

7) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ അല്ലാതെ നിലവിലെ സ്റ്റേഷനിൽ 5 വർഷക്കാലയളവ് പൂർത്തിയാക്കിയ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.റാണിമോൾ.വി.വി. 2025-ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല. ടിയാൾ നിലവിൽ ജോലി ചെയ്യുന്ന കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയും, അതിനു മുൻപ് ജോലി ചെയ്തിരുന്ന മാവേലിക്കര ജില്ലാ ആശുപത്രിയും തമ്മിൽ, സർക്കാർ ജീവനക്കാർക്ക് ടി.എ. അനുവദിക്കുന്ന കെ.എസ്.ആർ. ഭാഗം II ചട്ടം 61, 62 പ്രകാരം പരിശോധിക്കുമ്പോൾ 15 കി.മീറ്ററിൽ അധികം ദൂരമുണ്ടെന്നും ആയതിനാൽ ഒരു സ്റ്റേഷനായി കണക്കാക്കുവാൻ കഴിയില്ല എന്നും അപേക്ഷക അപ്പീൽ അപേക്ഷയിൽ വാദിക്കുന്നു. എന്നാൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഈ രണ്ടു സ്ഥപനങ്ങളെയും ഒരേ സ്റ്റേഷനായിട്ടാണ് പരിഗണിച്ചു വരുന്നത്. കൂടാതെ, പട്ടികജാതി വിഭാഗത്തിന്റെ 5 വർഷ സംരക്ഷണം ടിയാൾ നിലവിൽ എടുത്തുകഴിഞ്ഞു. ആയതിനാൽ തന്നെ മിശ്രവിവാഹിത എന്ന സംരക്ഷണം ഈ 5 വർഷത്തിൽപ്പെടുന്നതും വെവ്വേറെ അനുവദിക്കാൻ കഴിയാത്തതുമാണ്. പൊതുസ്ഥലംമാറ്റ മാനദണ്ഡം clause 6(ii) പ്രകാരം ഏറ്റവും ജൂനിയറായ ഉദ്യോഗസ്ഥയെയാണ് ഏറ്റവും അകലെയ്ക്ക് സ്ഥലംമാറ്റേണ്ടത് എന്നതിനാൽ നിലവിൽ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഡോ.ആതിരയെ അപേക്ഷകയെ നിലവിൽ സ്ഥലംമാറ്റിയിരിക്കുന്ന ചേലക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റേണ്ടതും അപേക്ഷകക്ക് കരുനാഗപ്പള്ളിയിൽ നിയമനം നൽകേണ്ടതുമാണ് എന്ന അപേക്ഷകയുടെ വാദം പരിശോധിച്ചു. നീണ്ടകര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ അസിസ്റ്റന്റ്

സർജനായി ജോലി ചെയ്തിരുന്ന ഡോ.ആതിരക്ക് ജൂനിയർ കൺസൾട്ടന്റായി 2025-ൽ പ്ലേസ്മെന്റ് ലഭിച്ച വേളയിൽ പൊതുസ്ഥലംമാറ്റത്തിൽ പുനഃപരിശോധിക്കും എന്ന വ്യവസ്ഥയിലാണ് ടിയാൾക്ക് പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകുന്നത്. അപ്രകാരം 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ പാലോട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ഓപ്ഷൻ നൽകിയ യോഗ്യതയുള്ള ഒരു മെഡിക്കൽ ഓഫീസറെ ടി കേന്ദ്രത്തിൽ നിയമിച്ച വേളയിൽ തിരുവനന്തപുരം സ്വദേശിയായ ഡോ.ആതിരയെ വിദൂര സ്ഥാപനമായ കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെടുന്നത്. നിലവിൽ ടി സ്റ്റേഷനിൽ പ്രവേശിച്ച് ജോലി ചെയ്തു വരുന്ന ഡോ.ആതിരയ്ക്ക് ഇനിയും ഒരു സ്ഥലംമാറ്റം നൽകുന്നത് സ്വാഭാവിക നീതിക്കെതിരാണ്.

8) നിലവിലെ സ്റ്റേഷനിൽ 5 വർഷക്കാലയളവിൽ കൂടുതലായി ജോലി ചെയ്തുവരുന്ന അപേക്ഷക പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാതിരുന്ന സാഹചര്യത്തിലാണ് നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയയാകേണ്ടി വന്നത്. പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഒരു സ്ഥാപനത്തിലെ കാലയളവല്ല ഒരു സ്റ്റേഷനിലെ കാലയളവാണ് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത് എന്നതിനാലും, 31.05.2023-ലാണ് നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനമായ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെടുന്നത് എന്നതിനാലും നിലവിലെ സ്ഥാപനത്തിൽ 3 വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടില്ലെന്നും, ആയതിനാലാണ് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാതിരുന്നത് എന്നുമുള്ള മെഡിക്കൽ ഓഫീസറുടെ വാദം അംഗീകരിക്കുവാൻ കഴിയില്ല. കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ സ്ഥലംമാറ്റം അനുവദിച്ചിരിക്കുന്നത്, കണ്ണൂർ ജില്ലയിലെ പേരാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 14.01.2020 മുതൽ ജോലി ചെയ്തു വരുന്ന ആലപ്പുഴ ഹോം സ്റ്റേഷനായ ഡോ.രേഷ്മയ്ക്കാണ്. ടിയാളുടെ 1-ാമത്തെയും 2-ാമത്തെയും ഓപ്ഷനുകളിൽ നിയമനം അനുവദിക്കാൻ് കഴിയാത്തതുകൊണ്ടാണ് 3-ാമത്തെ ഓപ്ഷനായ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം അനുവദിച്ചിരിക്കുന്നത്. ആയതിനാൽ അപേക്ഷകയെ നിലവിലെ സ്ഥാപനമായ കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലനിറുത്തണമെന്ന വാദവും അംഗീകരിക്കുവാൻ കഴിയില്ല.

9) മേൽ സാഹചര്യത്തിൽ, ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.റാണിമോൾ.വി.വി.-ക്ക് നിലവിൽ അനുവദിച്ചിരിക്കുന്നത് നിർബന്ധിതസ്ഥലംമാറ്റമായതിനാൽ, പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥലംമാറ്റപ്പെട്ട ചേലക്കര താലൂക്ക് ആസ്ഥാന

ആശുപത്രിയിൽ ഒരു വർഷ സേവനം പൂർത്തീകരിക്കുന്ന മുറയ്ക്ക് അപേക്ഷക അടുത്തുവരുന്ന പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം പരിശോധിച്ച് ഉചിതമായ നിയമനം നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

10) OA 882/2025-ന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.05.2025 തീയതിയായ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം/ആലപ്പുഴ/കണ്ണൂർ.
Dr.Ranimol.V.V., Junior Consultant (O&G), Taluk Head Quarters Hospital, Kayamkulam, Alappuzha - 690 502.
Dr.Reshma.L, Junior Consultant (O&G), Taluk Head Quarters Hospital, Peravoor, Kannur - 670 673.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/258/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 19-07-2025 16:11:21

മേലെഴുത്ത് നം.**DHS/14235/2025-EB 23-07-2025**

സർക്കാർ ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു

Signed by
Reena K J
Date: 23-07-2025 15:22:32
ആരോഗ്യവകുപ്പ് ഡയറക്ടർ